കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പെരുമ്പളം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**ആലപ്പുഴ**

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി4-119/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി, 29.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പെരുമ്പളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പെരുമ്പളം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ എല്ലാ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി4-119/2020 തീയതി, 29.05.2020

.
.

# ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ

# 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 01.10.2018 മുതൽ 30.11.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.10.2019 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.വി. സന്തോഷ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.01.2020മുതൽ 22.01.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.വി.മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. പ്രശോഭൻ.കെ.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീ.ഷിബു.കെ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീമതി. ശോഭ. കെ | 01.04.2018 മുതൽ 31.03.2019 വരെ |

**മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ജാൻസി എഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ. ഷാഹുൽ. കെ.ബി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. സ്മിത കെ ഷേണായി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ശശികല | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. അന ജി നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. ധന്യ വി പൈ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ലിനി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, പെരുമ്പളം സൗത്ത് | ശ്രീമതി. ബിൻസി അഗസ്റ്റിൻ | 01.04.2018 മുതൽ 27.07.2018 വരെ |
| | ശ്രീ. പ്രശാന്ത് | 28.07.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, പെരുമ്പളം നോർത്ത് | ശ്രീ. മനോജ് | 01.04.2018 മുതൽ 24.07.2018 വരെ |
| | ശ്രീ. അരുൺ | 25.07.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സിന്ധ്യ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ് | ശ്രീമതി. ജയന്തി | 15.09.2018 മുതൽ 31.03.2019 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി. പൊന്നമ്മ കെ.ജെ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം |
|---|---|---|
| 1 | 1-1 | ബജറ്റ് |

| | | |
|---|---|---|
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ |
| 13 | 1-13 | ലേലം/വാടക ഈടാക്കുന്നതിലെ അപാകങ്ങൾ |
| 14 | 1-14 | പഞ്ചായത്ത് വ്യപാര ലൈസൻസ് - അപാകങ്ങൾ |
| 15 | 1-15 | ജങ്കാർ മെയിന്റനൻസ്-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല |
| 16 | 1-16 | വി.ഇ.ഒ (പെരുമ്പളം സൗത്ത്) നടപ്പിലാക്കിയ പദ്ധതികൾ- ചെലവ് രേഖകൾ ഹാജരാക്കിയില്ല |
| 17 | 1-17 | സ്വയംതൊഴിലിന് പെട്ടിക്കട (പ്രോജക്ട് നം- 82/19)-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല |
| 18 | 1-18 | തെരുവുവിളക്കുകളുടെ റിപ്പയർ - ബില്ല് ഹാജരാക്കാതെ എല്ലാ അറ്റകുറ്റപ്പണികൾക്കും മെറ്റീരിയൽസിന്റെ വില നൽകി |
| 19 | 1-19 | സ്വയംതൊഴിൽ സംരംഭത്തിന് സബ്സിഡി - രേഖകൾ ഹാജരാക്കിയില്ല |
| 20 | 1-20 | കോർപ്പസ് ഫണ്ട് - തുക വിനിയോഗിച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല |
| 21 | 1-21 | ISO സർട്ടിഫിക്കേഷൻ -സർക്കാർ ഉത്തരവ് പ്രകാരമല്ലാത്ത നിരക്കിൽ തുക അനുവദിച്ചു |
| 22 | 1-22 | ഘടകസ്ഥാപനങ്ങളുടെ അനുബന്ധച്ചെലവുകൾ (പ്രോജക്ട് നം- 5/19)- അനുബന്ധ ചെലവ് രേഖകളില്ല |
| 23 | 1-23 | ക്ഷയരോഗികൾക്ക് പോഷകാഹാര സപ്ലിമെന്റ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല |
| 24 | 1-24 | എൽ.പി.സ്കൂളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം - പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ |
| | ഭാഗം 2 | |
| | ഇല്ല | |
| | ഭാഗം 3 | |
| | ഇല്ല | |
| 25 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 26 | 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |

| | | |
|---|---|---|
| 27 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 28 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 29 | 4-5 | വായ്പ/വായ്പാതിരിച്ചടവ് |
| 30 | 4-6 | സ്ഥിര നിക്ഷേപം |
| 31 | 4-7 | ഓഡിറ്റ് റിക്കവറി |
| 32 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം |
| 33 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 34 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 35 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 36 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 37 | അനുബന്ധം-2 | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

31.03.2018 തീയതിയിലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 12.02.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 150341580 | 150527500 |
| വാർഷിക കണക്ക് പ്രകാരം | 60643824 | 57907326 |

നടപടിക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. മുൻവർഷങ്ങളിലെ വരവുചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവുചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 03.05.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3290297 |

| | |
|---|---|
| വരവ് | 60643824 |
| ആകെ | 63934121 |
| ചെലവ് | 57907326 |
| നീക്കിയിരിപ്പ് | 6026795 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 7800000 | 7800000 | 7375548 | 424452 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1672000 | 1672000 | 1207800 | 464200 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 78000 | 78000 | 78000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1583000 | 1583000 | 1583000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2780000 | 2780000 | 2780000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 5169793 | 5169793 | 3580019 | 1589774 |
| ട്രഷറി ടി.എസ്.ബി ജനറൽ പർപ്പസ് | 390626 | 7024659 | 7415285 | 6029738 | 1385547 |
| ഐ.സി.ഡി.എസ്. | 486224 | 348925 | 835149 | 635215 | 199934 |
| സാനിട്ടേഷൻ | 716845 | 22691 | 739536 | 187017 | 552519 |
| ബി ഫണ്ട് | 0 | 311520 | 311520 | 311520 | 0 |
| ജോയിന്റ് വെഞ്ചർ ബ്ലോക്ക് പഞ്ചായത്ത് | 307753 | 1190008 | 1497761 | 1351008 | 146753 |
| ജോയിന്റ് വെഞ്ചർ ജില്ലാ ജില്ലാ പഞ്ചായത്ത് | 50000 | 3850474 | 3900474 | 3225474 | 675000 |

മാലിന്യ സംസ്കരണത്തിനായി ശുചിത്വമിഷൻ ഫണ്ടിൽ നിന്നും 2017-18 വർഷം ലഭിച്ച 19 ലക്ഷം രൂപയിൽ 5 ലക്ഷം രൂപ ചെക്ക് നം. 792671/12.02.2019 പ്രകാരം ജില്ലാ ശുചിത്വ മിഷനിൽ തിരിച്ചടച്ചു. പ്ലാസ്റ്റിക് സംസ്കരണത്തിന് യന്ത്രോപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടാണ് പഞ്ചായത്ത് നിർവ്വഹണം നടത്താതെ ഉപേക്ഷിച്ചത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 101 | 78452731 | 73 | 39399803 | 12 | 16 | 72.28 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

**ഫണ്ട് വിനിയോഗത്തിലെ വീഴ്ച – 2478426 രൂപ നഷ്ടമായി**

ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം **24,78,426/-** രൂപ പഞ്ചായത്തിന് നഷ്ടമായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകുമെന്നതിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ഗ്രാമ പഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 424452 |
| വികസന ഫണ്ട് എസ്.സി.പി. | 464200 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1589774 |
| **ആകെ** | **2478426** |

വികസന ഫണ്ട് ടി.എസ്.പി, മെയിന്റനൻസ് ഗ്രാന്റ് റോഡ്, മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് എന്നിവയായി ലഭിച്ച ഫണ്ട് പൂർണ്ണമായി ചെലവഴിച്ചു എന്നത് അഭിനന്ദനാർഹമാണ്. എന്നാൽ വികസന ഫണ്ട് ജനറൽ, വികസന ഫണ്ട് എസ്.സി.പി., ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവ പൂർണ്ണമായി ചെലവഴിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5401 | 928644 | 934045 | 931653 | 2392 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 44139347 | 44139347 | 44139347 | 0 |
| ആകെ | 5401 | 45067991 | 45073392 | 45071000 | 2392 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 251520 | 124 |
| കർഷകതൊഴിലാളി പെൻഷൻ | 3356700 | 277 |
| വിധവാപെൻഷൻ | 4245000 | 363 |
| വാർദ്ധക്യകാലപെൻഷൻ | 7717900 | 808 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 1370300 | 112 |
| അവിവാഹിത പെൻഷൻ | 335500 | 27 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.01.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10513/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.
2. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
5. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
7. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.01.2020 | ഡിസംബർ 2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.03.2017-28.03.2017 | 2011-12 മുതൽ 2015-16 വരെ | 16.05.2017 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

കെ.എസ്.എ-എ.എൽ.പി-പി.14-561/2019 തീയതി. 29.06.2019 പ്രകാരം പുറപ്പെടുവിച്ച ഓഡിറ്റ് സാക്ഷ്യപത്രത്തിന് അനുബന്ധമായി ചേർത്തിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-12 തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി വരവ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. **സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിൽ നിന്നും 2018-19 ഒന്നാം അർദ്ധവർഷത്തെ സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഈയിനത്തിലായി ലഭിക്കേണ്ട 1250/- രൂപ ലഭിച്ചിട്ടില്ല. തൊഴിൽ നികുതി രജിസ്റ്റർ,ഫയൽ എന്നിവയിൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മാവലിസ്റ്റോറുകൾ നിയമാനുസൃത ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കണമെന്ന് സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുള്ള സാഹചര്യത്തിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. **തൊഴിൽ നികുതി ഈടാക്കിയില്ല**

1. പഞ്ചായത്തിലെ ജങ്കാർ ജീവനക്കാരിൽ നിന്നും 2018-19 ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതിയായി അർദ്ധവർഷം 1250/- രൂപ പ്രകാരം 8750/- ഈടാക്കിയിരുന്നു. എന്നാൽ 2018-19 രണ്ടാം അർദ്ധവർഷത്തെ നികുതി ഇവരിൽ നിന്നും ഈടാക്കിയിട്ടില്ല. പഞ്ചായത്തിൽ മാർക്കറ്റ് ജെട്ടി, വാത്തികാട് ജെട്ടി എന്നിവിടങ്ങളിൽ ഈ കാലയളവിൽ ജങ്കാർ സർവ്വീസ് നടത്തിയിരുന്നു. പഞ്ചായത്തും, KSINC യുമാണ് ഈ സർവ്വീസുകളിലെ ജീവനക്കാരുടെ കരാർ/ദിവസ വേതനം നൽകിയിട്ടുള്ളത്. ഇവരുടെ വേതന നിരക്കുകൾ തൊഴിൽ നികുതി സ്ലാബുകളിലെ വരുമാന പരിധിയിൽ പെടുന്നതിനാൽ ഇവരിൽ നിന്നും നിയമാനുസൃത നിരക്കിൽ നികുതി ഈടാക്കാവുന്നതാണ്. എന്നാൽ ഒരു ജങ്കാറിലെ ജീവനക്കാരുടെ രണ്ട് അർദ്ധവർഷത്തെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3) എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കൂടിയ കാലയവിൽ ജോലിചെയ്യുകയും നികുതി വിധേയമായ സ്ലാബുകളിൽ വേതനം കൈപ്പറ്റുകയും ചെയ്യുന്ന എല്ലാവരിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കേണ്ടതാണ്.
2. റേഷൻ കട നടത്തുന്നവർക്ക് സർക്കാർ മിനിമം വേതനം നിർണ്ണയിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇവരുടെ വേതന നിരക്കുകൾ തൊഴിൽ നികുതി സ്ലാബുകളിലെ വരുമാന പരിധിയിൽ പെടുന്നതിനാൽ ഇവരിൽ നിന്നും നിയമാനുസൃത നിരക്കിൽ നികുതി ഈടാക്കാവുന്നതാണ്. സിവിൽ സപ്ലൈസ് വകുപ്പ് ഡയറക്ടറുടെ 22/01/2019 ലെ നം (സി.എസ്) എ 9/764/2019 കത്ത് പ്രകാരം റേഷൻ കടകളെ ലൈസൻസ്, തൊഴിൽ നികുതി എന്നിവയിൽ നിന്നും ഒഴിവാക്കാനാകില്ല എന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ എല്ലാ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-13 ലേലം/വാടക ഈടാക്കുന്നതിലെ അപാകങ്ങൾ

പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വാടക സംബന്ധിച്ച വരവുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ

ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് കെട്ടിടങ്ങൾ വാടകക്ക് നൽകുന്നത് സംബന്ധിച്ച ബൈലോ/നിയമാവലി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
2. 2018-19 വർഷം കടമുറി ലേലം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. കടമുറി വാടക സംബന്ധിച്ച് ഏർപ്പെട്ട കരാറിന്റെയും കരാർ പുതുക്കി നൽകുന്നതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വാടക രജിസ്റ്റർ പ്രകാരം ശ്രീ.അജീഷ്കുമാർ, കുരുവിത്തോടത്ത് എന്നയാൾക്ക് പ്രതിമാസം 1000 രൂപ വാടകയ്ക്ക് മുറി അനുവദിക്കുകയും 06/2018 മുതൽ വാടക ഈടാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2018 ഏപ്രിൽ, മെയ് മാസങ്ങളിലെ വാടക ഈടാക്കിയതിന്റെ വിവരങ്ങളില്ല. ശ്രീ.അജീഷ്കുമാർ, കുരുവിത്തോടത്ത് എന്നയാൾ 06/2018 മുതൽ മാത്രമാണ് കടമുറി ഏറ്റെടുത്തതെന്നും അതിന് മുമ്പ് കട നടത്തിയിരുന്ന ശ്രീ.ശിവദാസൻ എന്നയാളാണ് ഈ കാലയളവിലെ വാടക നൽകേണ്ടതെന്നുമാണ് ഈ വിഷയത്തിൽ ഓഡിറ്റ് അന്വേഷണം 3/17.01.2020 ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ശ്രീ.ശിവദാസനിൽ നിന്നും 2018 ഏപ്രിൽ, മെയ് മാസങ്ങളിലെ വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 പഞ്ചായത്ത് വ്യാപാര ലൈസൻസ് - അപാകങ്ങൾ

1. 1994 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) നിയമം വകുപ്പ് 232, 232(1) എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾക്ക് അനുസൃതമല്ലാതെയും പഞ്ചായത്ത് പരിധിയിൽ ഈയിനത്തിലെ ചട്ടം 3 പട്ടിക 1 പ്രകാരമുള്ള ആവശ്യങ്ങൾക്ക് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ പെരുമ്പളം പഞ്ചായത്ത് വാർഡടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിലുൾപ്പെട്ട 77 സ്ഥാപനങ്ങളിൽ 59 സ്ഥാപനങ്ങളാണ് ലൈസൻസിന് അപേക്ഷ നൽകുകയും ലൈസൻസ് നേടുകയും ചെയ്തത്. ഈ കണക്കുപ്രകാരം ബാക്കി സ്ഥാപനങ്ങൾ പഞ്ചായത്തിൽ അപേക്ഷ നൽകാതെയും നിയമാനുസൃത ലൈസൻസില്ലാതെയുമാണ് പ്രവർത്തിക്കുന്നത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ വിശദവിവരം പഞ്ചായത്ത് തയ്യാറാക്കുകയോ ലൈസൻസെടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല.
2. 2018-19 സാമ്പത്തിക വർഷത്തെ ലൈസൻസ് ഫീസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതു പ്രകാരം 1996 ലെ പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, റേഷൻ ഡിപ്പോകൾ, കൺസ്യൂമർ സ്റ്റോർ (പട്ടിക ക്രമ നം-149), അബ്കാരി ഷോപ്പുകൾ(കള്ളുഷാപ്പ്) (ക്രമ നം-139), പാൽ സൊസൈറ്റികൾ (ക്രമ നം-132)എന്നിങ്ങനെയുള്ള വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നില്ല. ഇതിൽ മാവേലി സ്റ്റോർ 2019-20 വർഷം ലൈസൻസ് എടുത്തതായി ഓഡിറ്റ് അന്വേഷണം നമ്പർ 1/17.01.2020 നുള്ള മറുപടിയിൽ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.
3. പഞ്ചായത്തിലെ സ്ഥാപനങ്ങളെയുൾപ്പെടുത്തി വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഓരോ സ്ഥാപനത്തിന്റെയും പേര്, ചെയ്യുന്ന വ്യാപാരം/വ്യവസായം/മറ്റ് പ്രവർത്തനങ്ങൾ എന്നിവയുടെ വിശദവിവരങ്ങൾ, കെട്ടിട നമ്പർ, ഉടമയുടെ പേര്, സ്ഥാപനം നടത്തുന്ന വ്യക്തിയുടെ പേര്, ഈടാക്കുന്ന ഫീസ്, തൊഴിൽ നികുതി എന്നിവയടങ്ങിയ സമഗ്രമായ

വിവരം രജിസ്റ്ററിലില്ല. ലൈസൻസ് രജിസ്റ്ററിൽ ചില ബിസിനസ് സ്ഥാപനങ്ങളുടെ പേര് രേഖപ്പെടുത്താതെ പകരം ഉടമയുടെ സ്ഥിര മേൽവിലാസമാണ് ചേർത്തിട്ടുള്ളത്. ഉദാ: 1,4,9,10 വാർഡുകളിലെ സ്ഥാപനങ്ങളുടെ പേരോ കെട്ടിട നമ്പരോ ട്രേഡ്സ് ലിസ്റ്റിലുൾപ്പെടുത്തിയിട്ടില്ല.

4. ചട്ടം 10 പ്രകാരം നിലവിലെ ലൈസൻസ് പുതുക്കുന്നത് സാമ്പത്തിക വർഷാവസാനത്തിന് 30 ദിവസം മുമ്പും പുതിയ ലൈസൻസ് അനുവദിക്കുന്നത് സ്ഥാപനം തുറക്കുന്നതിന് 30 ദിവസം മുമ്പുമാകണം. ഫയൽ പരിശോധിച്ചതിൽ നിലവിൽ ലൈസൻസ് പുതുക്കി വരുന്ന ഭൂരിഭാഗം സ്ഥാപനങ്ങളും ഈ സമയ പരിധി പാലിക്കാതെ സാമ്പത്തിക വർഷത്തിനിടയിൽ പലപ്പോഴായാണ് ലൈസൻസ് എടുക്കുന്നത്.

മേൽ അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ജങ്കാർ മെയിന്റനൻസ്-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള **ഐശ്വര്യം** ജങ്കാറിന്റെ റിപ്പയർ വർക്കുകൾക്കായി KSINC 30/01/2019 ൽ നൽകിയ സി.683/19 നമ്പർ എസ്റ്റിമേറ്റ് പ്രകാരം 25,00,000/- രൂപ ജില്ലാ പഞ്ചായത്ത് ധനസഹായവും 1,00,000/- രൂപ മെയിന്റനൻസ് ഗ്രാന്റും ഉൾപ്പടെ ആകെ 26 ലക്ഷം രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കുകയും 2018-19 ൽ ഇതിൽ നിന്നും 19,25,000/- രൂപ അഡ്വാൻസ് തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. KSINC 30/01/2019 ൽ നൽകിയ സി.683/19 എസ്റ്റിമേറ്റ് പ്രകാരമുള്ള 25,64,322/- രൂപയുടെ പ്രവർത്തിക്കായി ഗ്രാമപഞ്ചായത്തും KSINC യുമായി കരാറിലേർപ്പെട്ടതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
2. KSINC നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 25,64,322 രൂപയുടെ പ്രവർത്തികളിൽ ധാരാളം പുതിയ ഉപകരണങ്ങളുടെ വാങ്ങലുകളും (ബാറ്ററി, സീ വാട്ടർ, ഓക്സിലറി പമ്പുകൾ, ലൈറ്റ്, അപ്പർ ഡെക്ക് സീറ്റ്, ലാമ്പുകൾ, സ്റ്റീൽ etc.) നിരവധി മാറ്റിവയ്ക്കലുകളും ഉൾപ്പെട്ടിട്ടുണ്ട്. ഇവയുടെ ബില്ലുകളോ അനുബന്ധ രേഖകളോ ഹാജരാക്കുന്നത് സംബന്ധിച്ച കാര്യങ്ങളിൽ കത്തിടപാടുകൾ നടത്തിയതിന്റെ വിവരങ്ങളില്ല.
3. റിപ്പയർ വർക്കിന്റെ ഭാഗമായി മാറ്റുന്ന ഉപകരണങ്ങൾ (ബാറ്ററി-6 എണ്ണം, സീ വാട്ടർ, ഓക്സിലറി പമ്പുകൾ, സ്റ്റീൽ ഭാഗങ്ങൾ, ഉപകരണങ്ങൾ) എന്നിവയെല്ലാം പുനരുപയോഗം സാധ്യമാകുന്നവയും വില ലഭിക്കുന്നവയുമാണ്. ഇവയുടെ വിനിയോഗം സംബന്ധിച്ച കാര്യങ്ങളിൽ ഫയലിൽ പരാമർശങ്ങളില്ല.
4. ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായ തുകയിൽ ബാലൻസുള്ള തുക സംബന്ധിച്ച വിശദാംശങ്ങളില്ല.

ഇക്കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 5/17.01.2020) നൽകിയതിന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിരുന്നു. ഇത് പ്രകാരം നിലവിൽ ജങ്കാർ സർവ്വീസ് ചെയ്യുന്ന ഏക സ്ഥാപനം KSINC ആയതിനാൽ അവരുടെ എസ്റ്റിമേറ്റ് പ്രകാരം മാത്രമേ പ്രവർത്തി നടത്താൻ സാധിക്കുമായിരുന്നുള്ളൂ. ഈ വർക്കിനായി കരാറിലേർപ്പെടാൻ KSINC തയ്യാറായില്ല. മാറ്റി വയ്ക്കുന്ന ഉപകരണങ്ങളുടെ വില സംബന്ധിച്ചും മാറ്റി സ്ഥാപിച്ച ഉപകരണങ്ങളുടേയും സ്റ്റീൽ പോലുള്ള Scrap ഇനങ്ങളുടേയും വിശദാംശങ്ങളും വിലയും നൽകണമെന്ന് ആവശ്യപ്പെട്ടിട്ടും മറുപടി നൽകിയിട്ടില്ല.

26,00,000/- രൂപ വരുന്ന തുകയുടെ പ്രവർത്തിക്ക് പഞ്ചായത്തിന്റെ ഉത്തമതാത്പര്യങ്ങൾ സംരക്ഷിക്കുന്ന വിധം ഗ്രാമപഞ്ചായത്തും KSINC യുമായി കരാറിലേർപ്പെടാത്തതുമൂലമാണ് റിപ്പയർ വർക്കിന്റെ ഭാഗമായി മാറ്റിയ പുനരുപയോഗം സാധ്യമാകുന്നവയും റീസെയിൽ മൂല്യം ലഭിക്കുന്നതുയുമായ പല ഉപകരണങ്ങളും യന്ത്രഭാഗങ്ങളും തിരികെ ലഭിക്കാനോ വില ലഭിക്കാനോ സാഹചര്യമില്ലാതെ വന്നത്. KSINC യുമായി ബന്ധപ്പെട്ട് ഈ കാര്യങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 വി.ഇ.ഒ (പെരുമ്പളം സൗത്ത്) നടപ്പിലാക്കിയ പദ്ധതികൾ- ചെലവ് രേഖകൾ ഹാജരാക്കിയില്ല

പെരുമ്പളം ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം വി.ഇ.ഒ (പെരുമ്പളം സൗത്ത്) നടപ്പിലാക്കിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. <u>ഭവന പുനരുദ്ധാരണം (എസ്.സി) 44/19</u>

ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകിയെങ്കിലും പ്രവർത്തി പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയിട്ടില്ല

1. ശ്രീമതി.ശാരദ രാജപ്പൻ, മണ്ണാരത്തിൽ -നൽകിയ തുക-50,000 /-(ബിൽ നം-03/18-19 Rs.50000/- c/o 28/11/18 & ബിൽ നം-07/18-19 Rs.150000/- c/o 22/01/19)
2. ശ്രീമതി.ഭവാനി, തെക്കേമുണ്ടയ്ക്കൽ -നൽകിയ തുക -25,000 /-(ബിൽ നം-15/18-19 Rs.25000/- c/o 15/03/19)
3. ശ്രീമതി.ചന്ദ്രമതി, തോപ്പുവെളികോളനി -നൽകിയ തുക -25,000/- (ബിൽ നം-9/18-19 Rs.25000/- c/o 13/03/19)

2. <u>ഭവന പുനരുദ്ധാരണം (മത്സ്യത്തൊഴിലാളി) 106/19</u>

ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകിയെങ്കിലും പ്രവർത്തി പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

1. ശ്രീ.രാജൻ -നൽകിയ തുക -12,500 /-(ബിൽ നം-06/18-19 Rs.87500/- c/o 22/01/19)
2. ശ്രീ.സിദ്ധാർത്ഥൻ, പുല്ലൂറ്റിൽ-12,500/-(ബിൽ നം-18/18-19 Rs.12500/- c/o 22/03/19)

3. <u>**എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (50/19)**</u>

**(ബിൽ നം-21/18-19 Rs.3750/- c/o 25/03/19)**

പദ്ധതി പ്രകാരം ശ്രീമതി രമണി എം,ശ്രീമതി.അംബിക കെ.പി എന്നിവർക്ക് യഥാക്രമം 1750/- രൂപ, 2000/- രൂപ വീതം നൽകിയിട്ടുണ്ടെങ്കിലും അനുബന്ധ ചെലവ് രേഖകളോ വിശദാംശങ്ങളോ ഹാജരാക്കിയിട്ടില്ല.

4. <u>**എസ്.ടി വനിതകൾക്ക് സ്വയംതൊഴിൽ (53/19)**</u>

**(ബിൽ നം-20/18-19 Rs.36300/- c/o 25/03/19)**

പദ്ധതി പ്രകാരം ശ്രീമതി.മിനി, ചാമുണ്ടി ലക്ഷംവീട്, ശ്രീമതി.രാധ, തുലാപ്പുഴത്ത്, ശ്രീമതി.വത്സല, തുലാപ്പുഴത്ത് എന്നിവർക്ക് 12,100/- രൂപ വീതം നൽകിയിട്ടുണ്ടെങ്കിലും പദ്ധതിയുടെ വിശദാംശങ്ങളോ അനുബന്ധ ചെലവ് രേഖകളോ ഹാജരാക്കിയിട്ടില്ല.

5. <u>**കിണർ പുനരുദ്ധാരണം (52/19)**</u>

**(ബിൽ നം-08/18-19 Rs.13000/- c/o 22/01/19)**

പദ്ധതി പ്രകാരം ശ്രീമതി.രമണി, തുലാപ്പുഴത്ത്, ശ്രീമതി.അജിത, കിടങ്ങാട്ട്ചിറ എന്നിവർക്ക് 6500/- രൂപ വീതം നൽകിയിട്ടുണ്ടെങ്കിലും അനുബന്ധ ചെലവ് രേഖകളോ പ്രവർത്തി മൂല്യനിർണ്ണയം നടത്തിയതിന്റെ വിശദാംശങ്ങളോ ഹാജരാക്കിയിട്ടില്ല.

6. **<u>ഹരിത കർമ്മസേന അനുബന്ധ പ്രവർത്തനങ്ങൾ (77/19)</u>**

**(ബിൽ നം-19/18-19 Rs.9300/- c/o 25/03/19)**

പദ്ധതി ഫയലിൽ ഡിജിറ്റൽ ഗ്രാഫിക്സ് പൂത്തോട്ടയുടെ 9300/- രൂപയുടെ സ്റ്റേഷനറി സാധനങ്ങളുടെ ഇൻവോയ്സ്, ശ്രീമതി.ജിസാമോൾ.സി.പി എന്നയാളുടെ അക്കൗണ്ടിലേക്ക് 9,300/- രൂപ നൽകിയതായ ബിൽ എന്നിവയല്ലാതെ മറ്റ് വിശദാംശങ്ങളോ രേഖകളോ ഹാജരാക്കിയിട്ടില്ല.

7. **<u>ഭവനപുനരുദ്ധാരണം (ജനറൽ) (പ്രോജക്റ്റ് നം 105/19)</u>**

ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകിയെങ്കിലും പ്രവർത്തി സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

(ബിൽ നം-05/18-19 Rs.100000/- c/o 22/01/19)

1. ശ്രീമതി.രാജേശ്വരി -നൽകിയ തുക -25000 /-
2. ശ്രീമതി.ലീലാമണിയമ്മ -തുക 12500/-

(ബിൽ നം-12/18-19 Rs.37500/- c/o 13/03/19)

1. ശ്രീമതി.കോമളം നീലകണ്ഠൻ -നൽകിയ തുക -12500 /-
2. ശ്രീ.ശശി, തെക്കുംപാത്ത് -തുക 12500/-

ഇക്കാര്യങ്ങളിലുള്ള വിശദീകരണവും പദ്ധതിച്ചെലവ് സംബന്ധിച്ച അനുബന്ധരേഖകളും ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം. 17 തീയതി 23/01/2020) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയോ ചെലവ് രേഖകളോ ഹാജരാക്കാത്ത സാഹചര്യത്തിൽ മേൽ പദ്ധതികളിലെ 2,49,850/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവിനാധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 സ്വയംതൊഴിലിന് പെട്ടിക്കട (പ്രോജക്റ്റ് നം- 82/19)-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

(ബിൽ നം.-11/18-19 Rs.24,950/- dtd 27/03/2019)

പെരുമ്പളം ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ പെരുമ്പളം നോർത്ത് നടപ്പിലാക്കിയ **സ്വയംതൊഴിലിന് പെട്ടിക്കട** എന്ന പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം 24,950/- രൂപ ചെലവഴിച്ചിട്ടുണ്ട്.ഊരുക്കൂട്ടം വഴി തിരഞ്ഞെടുത്ത ശ്രീ.സിദ്ധാർത്ഥൻ, ചാമുണ്ടി ലക്ഷം വീട് എന്നയാൾക്കാണ് പദ്ധതി ആനുകൂല്യം നൽകിയത്. പദ്ധതി പ്രകാരമുള്ള തുക പെട്ടിക്കട നിർമ്മിച്ചയാൾക്ക് നൽകിയെങ്കിലും നാളിതുവരെ ഗുണഭോക്താവ് കട ഏറ്റെടുത്ത് സ്വയം തൊഴിലിനായി ഉപയോഗിച്ചിട്ടില്ല. കട നിലവിൽ ഉപയോഗരഹിതമായി പഞ്ചായത്ത് കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. പദ്ധതി നടപ്പാക്കിയതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി മാർഗ്ഗരേഖ പ്രകാരം കച്ചവടത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയ ശേഷമാണ് പദ്ധതി പ്രകാരം പെട്ടിക്കട തുടങ്ങേണ്ടത്. ഗുണഭോക്താവിന് കച്ചവടത്തിന് സ്വന്തമായി സ്ഥലം

ലഭ്യമല്ലായെങ്കിൽ പാട്ടത്തിനോ വാടകക്കോ അനുയോജ്യമായ സ്ഥലം ലഭ്യമാണ് എന്ന് ഉറപ്പാക്കണം. റോഡ് പുറമ്പോക്കിൽ കട സ്ഥാപിക്കുവാൻ പാടില്ല. പദ്ധതിയിലെ ഗുണഭോക്താവ് കച്ചവടത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട് എന്ന വിവരം ഉറപ്പാക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി ചെലവ് നടത്തിയത്. ഇത് മൂലമാണ് പ്രധാനമായും പെട്ടിക്കട ഉപയോഗിക്കാതെ പഞ്ചായത്ത് കോമ്പൗണ്ടിൽ സൂക്ഷിക്കാനിടയായിട്ടുള്ളത്.

2. മാർഗ്ഗരേഖ പ്രകാരം പെട്ടിക്കട നിർമ്മിച്ച ശേഷം LSGD എഞ്ചിനീയർ/ഓവർസീയറുടെ വാല്യവേഷൻ പ്രകാരമുള്ള തുകയാണ് നിർമ്മാതാവിന്റെ അക്കൗണ്ടിലേക്ക് നൽകേണ്ടത്. എന്നാൽ 7 അടി നീളത്തിലും 4.50 അടി വീതിയിലും 6 അടി ഉയരത്തിലും പെട്ടിക്കട നിർമ്മാണം നടത്തിയതായി മാത്രമാണ് ഓവർസീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. പ്രവർത്തിയുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല. കൃത്യമായ മൂല്യനിർണ്ണയം കൂടാതെ 24,950/- രൂപ നിർമ്മാതാവിന് നൽകിയത് ഏത് സാഹചര്യത്തിലാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചിട്ടില്ല.
3. മാർഗ്ഗരേഖ പ്രകാരം സ്വയംതൊഴിലിന് പെട്ടിക്കട നൽകുമ്പോൾ ആദ്യവർഷം നടത്തിപ്പ് അവകാശം മാത്രം ഉറപ്പാക്കിക്കൊണ്ട് ഗുണഭോക്താവുമായി കരാർ ചമക്കേണ്ടതാണ്. ഇതിന് ശേഷം മാത്രമാണ് ഉടമസ്ഥത നൽകാവൂ. ഇക്കാര്യങ്ങൾ കരാർ പ്രകാരം ഉറപ്പാക്കിയിട്ടില്ല.
4. പദ്ധതി ആനുകൂല്യത്തിന് അർഹനായ വ്യക്തി പദ്ധതി പ്രകാരമുള്ള പ്രവർത്തികൾ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ പഞ്ചായത്ത് കോമ്പൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള പെട്ടിക്കട നശിച്ചുപോകാതെ സൂക്ഷിക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടില്ല.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന് എൻക്വയറി (നം.13/22.01.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി ചെലവഴിച്ച 24,950/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പെട്ടിക്കട നിഷ്ക്രിയമായി നശിക്കുന്നത് തടയുന്നതിനും അർഹരായവർക്ക് സ്വയംതൊഴിൽ സംരംഭത്തിനായി പ്രയോജനപ്പെടുത്തുന്നതിനും പഞ്ചായത്ത് ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 തെരുവുവിളക്കുകളുടെ റിപ്പയർ - ബില്ല് ഹാജരാക്കാതെ എല്ലാ അറ്റകുറ്റപ്പണികൾക്കും മെറ്റീരിയൽസിന്റെ വില നൽകി

പെരുമ്പളം ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ റിപ്പയർ പ്രവർത്തികൾക്കുള്ള (പ്രോജക്ട് നം-04/19 (new) & 91/19 (S.O)) കരാർ നൽകിയിരുന്നത് ശ്രീ.സി.എൻ സുരേന്ദ്രനാഥ്, ചന്ദ്രമംഗലം, പെരുമ്പളം എന്നയാൾക്കാണ്. 2018-19 കാലയളവിൽ സ്പിൽ ഓവർ പദ്ധതി പ്രകാരം 1,06,350/- രൂപയും പുതിയ പദ്ധതി പ്രകാരം 90,604/- രൂപയും ശ്രീ.സി.എൻ സുരേന്ദ്രനാഥിന് നൽകിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ തെരുവുവിളക്ക് അറ്റകുറ്റപ്പണിയുടെ (91/19) (S.O) പദ്ധതിയിൽ 15/03/2018 ലെ കമ്മിറ്റി തീരുമാനപ്രകാരം ഹോൾഡർ -1ന് 15/- രൂപ, സ്വിച്ച് -1ന് 15/- രൂപ,പി.വി.സി ബോക്സ്- 1ന് 15 രൂപ, ഷേഡ് -1ന് 15 രൂപ, വയർ-225 രൂപ, എൽ.ഇ.ഡി ബൾബ് -1ന് 175/- രൂപ, ലേബർ ചാർജ്ജ് 350/- രൂപ എന്നിങ്ങനെ പോസ്റ്റ് ഒന്നിന് 810/- രൂപ നിരക്കിലും തെരുവുവിളക്ക് അറ്റകുറ്റപ്പണിയുടെ (4/19) പുതിയ പദ്ധതിയിൽ ഹോൾഡർ -1ന് 25/- രൂപ, സ്വിച്ച് -1ന് 20/- രൂപ, പി.വി.സി ബോക്സ്- 1ന് 20/- രൂപ, ഷേഡ്-1ന് 20/- രൂപ, വയർ-140/- രൂപ, എൽ.ഇ.ഡി ബൾബ് -1ന് 250/- രൂപ ലേബർ ചാർജ്ജ് 375/- രൂപ എന്നിങ്ങനെ പോസ്റ്റ് ഒന്നിന് 850/- രൂപ നിരക്കിലുമാണ് ആകെ റിപ്പയർ തുക നൽകിയിട്ടുള്ളത്. ഫയലിൽ ഹാജരാക്കിയിട്ടുള്ള മെമ്പർമാരുടെ സാക്ഷ്യപത്രപ്രകാരം നിലവിലുള്ള പോസ്റ്റുകളിൽ അറ്റകുറ്റപ്പണികൾ നടത്തിയതിനാണ് തുക നല്കിയിട്ടുള്ളത്.

എനർജി മാനേജ്മെന്റ് സെന്റർ തിരുവനന്തപുരത്തിന്റെ 27/11/2018 ലെ ഇ.എം.സി/ഇ.ഇ.ഡി /17/01/PGP കത്ത് പ്രകാരം പെരുമ്പളം ഗ്രാമപഞ്ചായത്തിനെ മാതൃക ഊർജ്ജകാര്യക്ഷമത ഗ്രാമപഞ്ചായത്തായി തെരഞ്ഞെടുത്തതിന്റെ അടിസ്ഥാനത്തിൽ 18 വാട്ട്സിന്റെ 350 LED ബൾബുകളും 35 വാട്ട്സിന്റെ 20 LED ബൾബുകളും സൗജന്യമായി ലഭിച്ചിട്ടുണ്ട്. ലഭിച്ച ഉപകരണങ്ങളുടെ കൃത്യമായ വിവരങ്ങളോ ബില്ലോ ഫയലിലില്ല. ഇതിന്റെ സ്റ്റോക്ക് വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം ലഭിച്ച ഉപകരണങ്ങൾ നിലവിലുള്ള പദ്ധതിയിൽ ഉപയോഗിക്കുന്നതിന് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. ഇപ്രകാരം സൗജന്യനിരക്കിൽ ലഭിച്ച ഉപകരണങ്ങളുടെ വില 295/- രൂപ (ബൾബ്, ഹോൾഡർ, ഷേഡ്) ടെണ്ടർ നിരക്കിൽ നിന്നും കുറവ് ചെയ്യുകയും സ്റ്റാൻഡിനായി 170/- രൂപ അധികം നൽകിയുമാണ് 04/19 പദ്ധതിയിൽ നിന്നും 107 പോസ്റ്റുകളിലെ റിപ്പയർ ചാർജ് നൽകിയത്. സൗജന്യമായി തെരുവുവിളക്കുകൾ നൽകിയതിന് സ്ഥാപിക്കുന്നതിനുള്ള സ്റ്റാൻഡ് നൽകിയോ എന്നതിന് വ്യക്തതയില്ല. സ്റ്റാൻഡിനായി 170/- രൂപ എന്നത് എങ്ങനെ കണക്കാക്കി എന്നതിന്റെ വിവരങ്ങൾ ഫയലിലില്ല.

രണ്ട് പദ്ധതികളിലേയും എല്ലാ റിപ്പയർ ബില്ലുകൾ പ്രകാരവും ഉപകരണങ്ങളുടെ വിവിധ വാർഡുകളിലെ വില ഉൾപ്പെട്ട നിരക്കാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ എണ്ണം വിവിധ വാർഡുകളിലെ മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. തെരുവുവിളക്കുകളുടെ എല്ലാ റിപ്പയറുകളിലും ബൾബുകളും ഉപകരണങ്ങളും മാറ്റി സ്ഥാപിക്കേണ്ട ആവശ്യമില്ലാത്തതാണ്. നിലവിലുള്ള തെരുവുവിളക്ക് ഉപകരണങ്ങൾക്ക് ഹോൾഡർ, സ്വിച്ച്, പിവിസി ബോക്സ്, ഷേഡ്, വയർ എന്നിവ മാറ്റിയിടേണ്ട സാഹചര്യം ഉണ്ടാവാറില്ല. വാറന്റി കാലയളവിൽ ഇവ മാറ്റി വാങ്ങാനും സാധിക്കുന്നതാണ്. കരാറുകാരന് ഈ ഉപകരണങ്ങൾ മാറ്റി സ്ഥാപിച്ചതിന്റെ നിരക്കുകൂടി അനുവദിക്കുന്നതിനാൽ മാറ്റിയ തെരുവുവിളക്ക് ഉപകരണങ്ങൾക്ക് പകരം സ്ഥാപിച്ച ഉപകരണങ്ങൾ വാങ്ങിയ ബിൽ കൂടി റിപ്പയർ വൗച്ചറുകൾക്കൊപ്പം ഹാജരാക്കേണ്ടതാണ്.
ഈ രണ്ട് പദ്ധതികളിലുമായി ആകെ 60 ഹോൾഡർ, 13ഷേഡ്, 20 പിവിസി ബോക്സ് എന്നിവ വാങ്ങിയതിന്റെ 1412/- രൂപയുടെ ബിൽ മാത്രമാണ് കരാറുകാരൻ ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം ആകെ റിപ്പയർ നടത്തിയ 254 പോസ്റ്റുകളിലായി ആകെ ഇത്രയും ഉപകരണങ്ങൾ വാങ്ങിയതിനാണ് രേഖയുള്ളത്. നിലവിലുണ്ടായിരുന്ന തെരുവുവിളക്കുകളും ഉപകരണങ്ങളും പഞ്ചായത്ത് നേരിട്ട് വാങ്ങിയതായതിനാൽ മാറ്റി സ്ഥാപിച്ച ഉപകരണങ്ങൾ കരാറുകാരൻ പഞ്ചായത്തിന് കൈമാറേണ്ടതാണ്. ഈ കാലയളവിൽ കരാറുകാരൻ ഇവ കൈമാറിയതിന്റെ രേഖകളോ സ്റ്റോക്ക് എൻട്രി വിവരങ്ങളോ ഹാജരാക്കിയിട്ടില്ല. ഇവയില്ലാതെ എല്ലാ റിപ്പയർ പ്രവൃത്തികളിലും പുതിയ ഉപകരണങ്ങളുടെ വില കൂടി ഉൾപ്പെട്ട നിരക്ക് നൽകുന്നത് ക്രമപ്രകാരമല്ല.
നിലവിലുള്ള തെരുവുവിളക്കുകൾക്ക് റിപ്പയർ ചാർജ്ജും, പുതിയവ സ്ഥാപിക്കുന്ന സാഹചര്യത്തിൽ മാത്രം ബില്ലുകളുടെ അടിസ്ഥാനത്തിൽ അനുബന്ധ ഉപകരണങ്ങളുടെ വിലയും എന്ന രീതിയിൽ പദ്ധതി നടപ്പാക്കാഞ്ഞതു മൂലമാണ് എല്ലാ റിപ്പയറുകൾക്കും ഉയർന്ന നിരക്ക് നൽകേണ്ടിവന്നത്. ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകൾ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ (ഓരോ വാർഡിലേയും തെരുവുവിളക്കുകളുടെ എണ്ണം, തരം etc.) ഇല്ലാതെയുള്ള ചെലവ് സുതാര്യതയില്ലാത്തതാണ്. മേൽ അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 സ്വയംതൊഴിൽ സംരംഭത്തിന് സബ്സിഡി - രേഖകൾ ഹാജരാക്കിയില്ല

**സ്വയംതൊഴിൽ സംരംഭം** (പ്രോജക്ട് നം- 81/19)

(ബിൽ നം-1/18-19 Rs.50,000/- dtd 22/05/2018 & ബിൽ നം-10/18-19 Rs.50,000/- dtd

23/03/2019)

പെരുമ്പളം ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ (പെരുമ്പളം നോർത്ത്) നടപ്പിലാക്കിയ **സ്വയംതൊഴിൽ** സംരംഭത്തിന് ധനസഹായം എന്ന പദ്ധതിയിൽ 2018-19 സാമ്പത്തിക വർഷം 2 വനിതാ ഗ്രൂപ്പുകൾക്ക് 50,000/- രൂപ വീതം ആകെ 1,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ബിൽ നം. 1/18-19 പ്രകാരം മാറിയ 50,000/- രൂപ ലഭിക്കുവാൻ ഗുണഭോക്താക്കൾ ഹാജരാക്കിയ അപേക്ഷ, മറ്റ് അനുബന്ധ രേഖകൾ, ചെലവ് രേഖകൾ എന്നിവയൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 15/23.01.2020) നൽകിയെങ്കിലും പദ്ധതി സംബന്ധിച്ച രേഖകൾ കണ്ടെത്താനായില്ല എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. ചെലവ് രേഖകളുടെ അഭാവത്തിൽ ബിൽ പ്രകാരം മാറിയ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഇതേ പദ്ധതിയിൽ ബിൽ നം-10/18-19 പ്രകാരം **ദീപം കുടുംബശ്രീ** യൂണിറ്റിന് സ്വയംതൊഴിലിനായി 50,000/- രൂപയുടെ സബ്സിഡി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. ആനുകൂല്യത്തിനായി തിരഞ്ഞെടുത്ത ദീപം കുടുംബശ്രീ യൂണിറ്റ് എന്ത് സ്വയം തൊഴിൽ സംരംഭമാണ് നടത്തുന്നത് എന്നത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. സ്വയം തൊഴിൽ സംരംഭം നടത്തുന്നതിന് ഗ്രൂപ്പിന് സർക്കാരിൽ നിന്നോ മറ്റ് ഏജൻസികളോ കഴിഞ്ഞ 5 വർഷത്തിനകം ധനസഹായം ലഭിച്ചിരുന്നോ എന്നത് സംബന്ധിച്ച വിവരങ്ങളൊന്നും ഹാജരാക്കിയിട്ടില്ല.
2. മാർഗ്ഗരേഖ പ്രകാരം ആനുകൂല്യം നൽകേണ്ടത് 18 നും 60 നും ഇടയിലുള്ള തൊഴിൽ രഹിതക്കാർക്കായിരിക്കണം. ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പുകൾക്ക് മാത്രമാണ് സബ്സിഡിക്ക് അർഹതയുള്ളത്. ഈ വിവരങ്ങൾ ഉറപ്പാക്കാനാവശ്യമായ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.
3. ഗ്രൂപ്പിന് ബാങ്ക് വായ്പ ലഭിച്ചതായ അറിയിപ്പ് ഫയലിൽ ഹാജരാക്കിയിട്ടുണ്ടെങ്കിലും വായ്പ സംഖ്യ സ്വയം തൊഴിൽ സംരംഭത്തിനായി ചെലവഴിച്ചത് സംബന്ധിച്ച യാതൊരു രേഖകളും ഫയലിലില്ല. വായ്പയുടെ വിനിയോഗവിവരങ്ങൾ ഉറപ്പുവരുത്താതെയാണ് സബ്സിഡി നൽകിയത്.
4. വായ്പാബന്ധിത പദ്ധതികളിൽ ബാക്ക് എൻഡ് സബ്സിഡിയായാണ് പദ്ധതി ആനുകൂല്യം നൽകേണ്ടത്. എന്നാൽ ലോൺ അക്കൗണ്ടിലേക്കല്ലാതെ ഗ്രൂപ്പിന്റെ സേവിംഗ്സ് അക്കൗണ്ടിലേക്കാണ് സബ്സിഡി നൽകിയിരിക്കുന്നത്.
5. പദ്ധതി നടത്തിപ്പ് സംബന്ധിച്ചും സബ്സിഡിയുടെ വിനിയോഗം സംബന്ധിച്ചും ഗുണഭോക്താവുമായി കരാർ ചമക്കേണ്ടതാണ്. എന്നാൽ ബ്ലാങ്ക് മുദ്രപത്രം മാത്രമാണ് കരാറിന് പകരമായി ഫയലിലുള്ളത്. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (15/23.01.2020) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.
   മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിയിൽ ആകെ ചെലവഴിച്ച 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്ന സാഹചര്യത്തിൽ ഗ്രൂപ്പിന്റെ തിരഞ്ഞെടുപ്പ് മുതൽ സബ്സിഡി, വായ്പ എന്നിവയുടെ വിനിയോഗം വരെയുള്ള മുഴുവൻ വിവരങ്ങളും ഉറപ്പുവരുത്തി മാത്രം പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-20 കോർപ്പസ് ഫണ്ട് - തുക വിനിയോഗിച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല

പെരുമ്പളം ഗ്രാമപഞ്ചായത്തിലെ ഒറ്റപ്പെട്ട് താമസിക്കുന്ന 8 പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭൂമിയിലെ

വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി പിച്ചിംഗ് കെട്ടി പൂഴി നിരത്തി ഭൂമി ഉയർത്തി സംരക്ഷിക്കുന്നതിന് 11,10,777/- രൂപ പുനലൂർ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസറുടെ 30.01.2018- ലെ ബി-1909/2017(1) പ്രകാരം ലഭിച്ചിരുന്നു. 16.04.2018 – ലെ ഊരുകൂട്ട തീരുമാനപ്രകാരം പ്രവൃത്തിക്കായി ഗുണഭോക്തൃസമിതി രൂപീകരിക്കുകയും ശ്രീ.ശശീന്ദ്രൻ, മംഗലമുണ്ടയ്ക്കൽ, ശ്രീമതി.രമണി, തുലാപ്പുഴത്ത് എന്നിവരെ ചെയർമാനായും കൺവീനറായും തിരഞ്ഞെടുക്കുകയും ചെയ്തു. ചെയർമാന്റേയും കൺവീനറുടേയും പേരിൽ സംയുക്ത അക്കൗണ്ട് ആരംഭിക്കുകയും പ്രാരംഭപ്രവർത്തനങ്ങൾക്കായി 3,00,000/- രൂപ മുൻകൂറായും പിന്നീട് രണ്ടു തവണയായി 50,000/- രൂപ വീതം ജോയിന്റ് അക്കൗണ്ടിലേക്ക് സെക്രട്ടറി നൽകി. വിശദാംശം ചുവടെ ചേർക്കുന്നു.

| ചെക്ക് നം./തീയതി | തുക |
|---|---|
| 2752759/12.06.2018 | 300000 |
| 7088618/13.03.2019 | 50000 |
| 74921/25.07.2019 | 50000 |

പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസറുടെ ഉത്തരവ് പ്രകാരം പദ്ധതി നടപ്പാക്കുമ്പോൾ പദ്ധതി പ്രദേശത്തെ എം.എൽ.എ, പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ, എസ്.ടി പ്രൊമോട്ടർ എന്നിവരെ ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും പദ്ധതി നിർവ്വഹണത്തിന്റെ ഓരോ ഘട്ടങ്ങളും കൃത്യമായും മോണിറ്ററിംഗിലൂടെ വിലയിരുത്തി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുമാണ്. ഇതനുസരിച്ച് മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചതായി കാണുന്നില്ല.
2. ഉത്തരവ് പ്രകാരം പദ്ധതി നടത്തിപ്പിനുള്ള സാങ്കേതിക അനുമതി ഉത്തരവാദപ്പെട്ട എഞ്ചിനീയറിൽ നിന്നും കൈപ്പറ്റേണ്ടതും പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതും പദ്ധതിയുടെ പ്രതിമാസ പുരോഗതി വിവരം തൊട്ടടുത്ത 5-ാം തീയതിക്കുമുമ്പ് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർക്ക് നൽകേണ്ടതുമാണ്. എന്നാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സാങ്കേതിക അനുമതി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ പുരോഗതിവിവരം എല്ലാ മാസവും ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസറെ അറിയിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്.
3. പ്രവൃത്തി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. 4,00,000/- രൂപ ഗുണഭോക്തൃസമിതിക്ക് നൽകിയെങ്കിലും 191185.67 രൂപയുടെ പ്രവൃത്തിയാണ് ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളതെന്ന് ഫയലിൽ കാണുന്നു. ഫയലിൽ സൂക്ഷിച്ചിട്ടുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരാരും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

എല്ലാ കുടുംബങ്ങളിലും പ്രവൃത്തിക്കാവശ്യമായ സാധന സാമഗ്രികൾ എത്തിച്ചിട്ടുണ്ടെന്നും ടി കുടുംബങ്ങളിലേക്ക് വാഹനസൗകര്യം ഇല്ലാത്തതിനാലും ഭാരിച്ച കൂലിച്ചെലവ് വന്നതിനാലുമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തതെന്നുമാണ് ഗുണഭോക്തൃസമിതി കൺവീനർ അറിയിച്ചിട്ടുള്ളത്. പ്രസ്തുത അപാകതകളുടെ അടിസ്ഥാനത്തിൽ 4,00,000/- രൂപയുടെ ചെലവ്

തടസ്സപ്പെടുത്തുന്നു. പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 ISO സർട്ടിഫിക്കേഷൻ -സർക്കാർ ഉത്തരവ് പ്രകാരമല്ലാത്ത നിരക്കിൽ തുക അനുവദിച്ചു

**ISO സർട്ടിഫിക്കേഷൻ (പ്രോജക്ട് നം- 37/2019)**

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
എ) ഗ്രാമപഞ്ചായത്തിലെ ISO സർട്ടിഫിക്കേഷൻ പ്രവൃത്തികൾക്കായി പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും 49,403/- രൂപയും തനത് ഫണ്ടിൽ നിന്നും 10000/- രൂപയുമടക്കം ആകെ 59,403/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയിൽ റെക്കോർഡ് റൂം അറേഞ്ച്മെന്റിനായി ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചതിന് താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ഡിസംബർ 2018-16 ദിവസം(3 nos)@725/day – Rs.11,600/-

ജനുവരി 2019 - 10 ദിവസം (1 nos)@725/day – Rs.7250/-

ജനുവരി 2019- 14 ദിവസം (2 nos)@725/day – Rs.20300/-

ഇവരുടെ മസ്റ്റർ റോളിലും അപേക്ഷയിലും റെക്കോർഡ് റൂം അറേഞ്ച്മെന്റ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ മുൻ റെക്കോർഡുകൾ ഇനം തിരിച്ച്, വർഷാടിസ്ഥാനത്തിൽ ബോക്സുകളിലായി ക്രമീകരിക്കുകയും അതിന്റെ ഇൻഡക്സ് തയ്യാറാക്കുകയുമാണ് ചെയ്തിരിക്കുന്നത്. പഞ്ചായത്തിലെ പഴയ രേഖകളുടെ തരംതിരിക്കലും വാർഷികാടിസ്ഥാനത്തിലുള്ള ക്രമീകരണവും മാത്രവുമുള്ള ജോലിക്ക് വിവിധ സെക്ഷൻ ചുമതലകളും ജോലി വിഭജന പ്രകാരം നിശ്ചിത ഉത്തരവാദിത്വങ്ങളും കൃത്യമായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ക്ലറിക്കൽ വിഭാഗത്തിന് ബാധകമായ നിരക്കിലുള്ള വേതനമാണ് നൽകിയിരിക്കുന്നത്.
ദിവസവേതന – കരാർ ജീവനക്കാരുടെ വേതനം നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് (G.O (P) No.56/2017/fin dtd 28/04/2017 & G.O (P) No.112/2018/fin dtd 21/07/2018) എന്നിവ പ്രകാരമുള്ള അനുബന്ധത്തിലെ കാറ്റഗറി-1 വിഭാഗത്തിലാണ് രേഖകളുടെ തരം തിരിവ്, ക്രമീകരിക്കൽ എന്നീ റെക്കോർഡ് കീപ്പിംഗ് വിഭാഗം ജോലികൾ ഉൾപ്പെട്ടിരിക്കുന്നത്. ഇവക്ക് യഥാക്രമം 630/- രൂപയും (01/04/2017 മുതൽ 30/06/2018വരെ), 645/- രൂപയുമാണ് (01/07/2018 മുതൽ) സർക്കാർ വേതനം നിശ്ചയിച്ചിട്ടുള്ളത്. I.S.O സർട്ടിഫിക്കേഷൻ സംബന്ധമായി ഒരേയിനം ജോലികൾ തന്നെയാണ് എല്ലാ ഗ്രാമപഞ്ചായത്തിലും നടത്തിവരുന്നത്. മിക്കവാറും ഗ്രാമപഞ്ചായത്തുകളിലും റെക്കോർഡ് കീപ്പിംഗ് സംബന്ധമായ ജോലിക്ക് ബാധകമായ വേതനമാണ് ഈ ജോലിക്ക് നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ എല്ലാ ജോലിക്കാർക്കും സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിക്കാതെ ഉയർന്ന സ്ലാബിലെ നിരക്കിൽ വേതനം നൽകിയത് ക്രമപ്രകാരമല്ല. സർക്കാർ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുമാത്രം ദിവസവേതനം അനുവദിക്കുന്നതിന് ശ്രദ്ധചെലുത്തേണ്ടതാണ്.

ബി) ഈ പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 10,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ രേഖകളോ വൗച്ചറുകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവുരേഖകളുടെ അഭാവത്തിൽ മേൽതുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 ഘടകസ്ഥാപനങ്ങളുടെ അനുബന്ധച്ചെലവുകൾ (പ്രോജക്ട് നം- 5/19)-അനുബന്ധ ചെലവ് രേഖകളില്ല

പെരുമ്പളം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നടപ്പിലാക്കിയ **ഘടകസ്ഥാപനങ്ങളുടെ അനുബന്ധച്ചെലവുകൾ** (പ്രോജക്ട് നം- 5/19) എന്ന പദ്ധതിയിൽ 2018-19 സാമ്പത്തിക വർഷം നോൺ

റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 1,21,126/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഫയലിൽ ഏതാനും ബില്ലുകൾക്കൊപ്പം മാത്രമാണ് അനുബന്ധചെലവ് രേഖകളുള്ളത്. മറ്റു ട്രഷറി ബില്ലുകൾ മാറി ഘടകസ്ഥാപനങ്ങൾക്ക് വിവിധ ഓഫീസ് ചെലവുകൾക്ക് തുക നൽകിയിട്ടുണ്ടെങ്കിലും, ഘടകസ്ഥാപനങ്ങളിൽ നിന്നും നൽകിയ അപേക്ഷകളല്ലാതെ ലഭിച്ച തുകയുടെ ചെലവ് രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ഇപ്രകാരം ആകെ ചെലവിൽ 47,676/- രൂപയുടെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക നൽകിയ സ്ഥാപനം | ബിൽ നം. & തിയതി | തുക |
|---|---|---|---|
| 1 | സൗത്ത് എൽ.പി.എസ് | 06/18-19 dtd 13/07/18 | Rs.13,826/- |
| 2 | എച്ച്.എസ് എൽ.പി.എസ് | 07/18-19 dtd 13/07/18 | Rs.5,390/- |
| 3 | ഐ.സി.ഡി.എസ് | 22/18-19 dtd 18/09/18 | Rs.8752/- |
| 4 | കൃഷി ഭവൻ | 04/18-19 dtd 13/07/18 | Rs.10294/- |
| 5 | ഹോമിയോ ആശുപത്രി | 05/18-19 dtd 13/07/18 | Rs.9414/- |
| | **ആകെ** | | **47,676** |

ഇക്കാര്യങ്ങളിലുള്ള വിശദീകരണവും ചെലവ് രേഖകളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (16/23.01.2020) നൽകിയെങ്കിലും മറുപടിയോ ചെലവുരേഖകളോ ഹാജരാക്കാത്തതിനാൽ മേൽ സൂചിപ്പിച്ച ഘടകസ്ഥാപനങ്ങളുടെ ഓഫീസ് ചെലവുകൾക്കായി അനുവദിച്ച 47,676/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവിനാധാരമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-23 ക്ഷയരോഗികൾക്ക് പോഷകാഹാര സപ്ലിമെന്റ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവ്വഹണം നടത്തിയ ക്ഷയരോഗികൾക്ക് പോഷകാഹാര സപ്ലിമെന്റ് എന്ന പ്രോജക്ടിൽ വികസനഫണ്ടിൽ നിന്നും 20,000/- രൂപ വകയിരുത്തിയിരുന്നു. പോഷകാഹാര വിതരണത്തിനായി വികസനഫണ്ടിൽ നിന്നും 20,000/- രൂപ ചുവടെ ചേർക്കും പ്രകാരം പിൻവലിച്ചിട്ടുണ്ട്.

| ബിൽ നം./തീയതി | തുക |
|---|---|
| 1/20.07.2018 | 10000 |
| 2/20.08.2018 | 4815 |
| 9/29.03.2019 | 5185 |
| ആകെ | 20000 |

മേൽ തുക പിൻവലിച്ച് സി.എച്ച്.സിയുടെ 706071400000066 എന്ന അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ഇപ്രകാരം നിക്ഷേപിച്ച തുകയിൽ നിന്നും ചെക്ക് പ്രകാരം 16,515/- രൂപ ക്ഷയരോഗികൾക്ക് പോഷകാഹാരം നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച 16,515/- രൂപയിൽ 5,430/- രൂപ സാമ്പത്തികവർഷം കഴിഞ്ഞശേഷം ചെക്ക് നം. 1848554/27.07.2019 പ്രകാരമാണ് ചെലവഴിച്ചിട്ടുള്ളത്. ക്യാഷ് ബുക്ക് പ്രകാരം 27.07.2019-ൽ 3,485/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ചെലവഴിക്കാത്ത തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (7/21.01.2020) മുഖേന

ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 3,485/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കി.

21.03.2015 – ലെ ജി.ഒ.(പി) 119/2015/ധനം ഉത്തരവ് പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല. മാത്രമല്ല, ഓരോ മാസവും അവസാനം വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിട്ടുള്ള ക്യാഷ്/ഡിഡി തുകകൾ ചെലാൻ മുഖേന തിരിച്ചടയ്ക്കേണ്ടതാണ്. എന്നാൽ ഈ നിബന്ധനകൾ പാലിക്കാതെ തുക മുഴുവനായി പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചത് ശരിയായ നടപടിയല്ല. 2019- 2020 വർഷത്തേക്ക് പ്രോജക്ടിന് സ്പിൽ ഓവർ അംഗീകാരം വാങ്ങി ചെലവ് നടത്തേണ്ടതായിരുന്നു. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രോജക്ടുകൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 എൽ.പി.സ്കൂളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം - പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ

ഹെഡ്മിസ്ട്രസ് നടപ്പാക്കിയ എൽ.പി. സ്കൂളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ. S0026/19) 2018-19 വർഷം വികസനഫണ്ടിൽ നിന്നും 3,11,415/- രൂപ വകയിരുത്തിയിരുന്നു. പ്രോജക്ടിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ രേഖ ബാബു, അമൃതം കാറ്ററിംഗ് സർവ്വീസ് രേഖപ്പെടുത്തിയ ഒരു കുട്ടിക്ക് പ്രഭാതഭക്ഷണം നൽകുന്നതിന് 19/- രൂപ എന്ന നിരക്ക് അംഗീകരിച്ചു. കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനായി 3,11,106/- രൂപ ചെലവഴിച്ചു. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് സംബന്ധിച്ച 08.11.2010-ലെ ജി.ഒ.(പി) നം. 259/2010/ത.സ്വ.ഭ.വ ഉത്തരവിലെ വ്യവസ്ഥ പ്രകാരം 1,00,000/- രൂപയ്ക്ക് മുകളിലുള്ള പർച്ചേസുകൾക്ക് ഓപ്പൺ ടെൻഡർ ക്ഷണിക്കേണ്ടതാണ്. എന്നാൽ ഈ പ്രോജക്ടിനായി ക്വട്ടേഷൻ ആണ് ക്ഷണിച്ചിട്ടുള്ളത്.
2. ഭക്ഷണച്ചെലവുകൾക്കായി ആകെ ചെലവഴിച്ച 3,11,106/- രൂപയിൽ 2,39,728/- രൂപ ശ്രീമതി.രേഖയുടെ 67194554709 നമ്പർ അക്കൗണ്ടിലേയ്ക്കാണ് നൽകിയിട്ടുള്ളത്. ശേഷിക്കുന്ന 71,378/- രൂപ എച്ച്.എം-ന്റെ പേരിലുള്ള അക്കൗണ്ടിലേയ്ക്കാണ് നൽകിയിട്ടുള്ളത്. ഈ തുക ഹെഡ്മിസ്ട്രസ് പിൻവലിച്ച് ശ്രീമതി.രേഖയ്ക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്.
3. ശ്രീമതി.രേഖ ഏതൊക്കെ ദിവസങ്ങളിൽ എത്ര കുട്ടികൾക്ക് ഏതിനം ഭക്ഷണം വിതരണം ചെയ്തു എന്ന് കാണിക്കുന്ന വിശദമായ ബിൽ ഹാജരാക്കിയില്ല. തുക കൈപ്പറ്റിയതിന്റെ രേഖ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/21.01.2020) അറിവില്ലായ്മ കൊണ്ടാണ് 71,378/- രൂപ ഹെഡ്മിസ്ട്രസിന്റെ അക്കൗണ്ടിലേക്ക് മാറ്റിയതെന്നും തുക ശ്രീമതി.രേഖയ്ക്ക് നൽകിയിട്ടുണ്ടെന്നും മറുപടി നൽകി. മറ്റ് അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രോജക്ടുകൾ നടപ്പാക്കേണ്ടതും ആവശ്യമായ എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

**ചെലവ്:**

71378/- 3/18-19/23.10.2018

113473/- 4/18-19/05.01.2019

80370/- 5/18-19/27.02.2019

45885/- 6/18-19/26.03.2019

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 03.05.2019 | കെ.എസ്.എ-എ.എൽ.പി/ പി.14-561/2019 തീയതി. 29.06.2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 170000 | നെൽകൃഷി വികസനം | 170000 | 0 |
| | 2018-19 | 94000 | നെൽകൃഷി വികസനം | 85000 | 9000 |
| | | 42500 | പച്ചക്കറികൃഷി വികസനം | 42500 | 0 |
| | | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| | | 457058 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 457058 | 0 |
| | | 100000 | ആശ്രയ ലൈഫ് ഭവനപദ്ധതി (എസ്.സി) | 100000 | 0 |
| | | 96450 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 96450 | 0 |
| | | 200000 | മിൽക്ക് സബ്സിഡി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 927627 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 927627 | 0 |
| | | 247847 | ലൈഫ് ഭവനപദ്ധതി (എസ്.സി.) | 147847 | 100000 |
| | | 75000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 75000 | 0 |

| | | | | |
|---|---|---|---|---|
| | 100000 | അംഗൻവാടി പോഷകാഹാരം | 100000 | 0 |
| | 2500000 | ജങ്കാർ മെയിന്റനൻസ് | 1925000 | 575000 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ എക്സ്റ്റെൻഷൻ | 21800277 | 3501 | 0 | 3501 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ എക്സ്റ്റെൻഷൻ | 21801024 | 134850 | 0 | 134850 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,63,15,868/- രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ KURDFC | - | 16315868 | 0 | 0 | 0 | 16315868 |

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5,06,143/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തീയതി |
|---|---|---|---|---|
| 1996-97 | 6 | 353 | ശ്രീമതി. കാർത്ത്യായനി | 118010100985/20.12.2018 |
| 1996-97 | 7 | 267 | ശ്രീമതി. കാർത്ത്യായനി സെക്രട്ടറി | 118010100986/20.12.2018 |
| 1997-98 | 2-2 | 480 | ശ്രീ. സി.കെ. മോഹനൻ സെക്രട്ടറി | 118010100987/20.12.2018 |
| 1997-98 | 2-2 | 450 | ശ്രീ. സി.കെ. മോഹനൻ, സെക്രട്ടറി | 118010101642/27.03.2019 |
| 2004-05 | 3-2 | 2200 | ശ്രീ.ബി. ആന്റണി ഫെർണാണ്ടസ്, സെക്രട്ടറി | 118010101644/27.03.2019 |
| 2007-08 | 2-1 | 53 | ശ്രീ. ടി.കെ. ഇബ്രാഹിം, സെക്രട്ടറി | 118010101645/27.03.2019 |
| 1998-99 | 1-19, 1-19B, 1-19C, 1-20, 1-21 | 2340 | ശ്രീ. എം.ആർ. പത്മനാഭൻ നായർ, സെക്രട്ടറി | 118010101646/27.03.2019 |
| 2015-16 | 2-1 | 300000 | ശ്രീ. പ്രസന്നകുമാർ | 118010101410/25.02.2019 |
| 2015-16 | 2-1 | 200000 | ശ്രീ. പ്രസന്നകുമാർ | 118010500021/25.02.2019 |
| **ആകെ** | | **506143** | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**ഇല്ല**

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 63934121 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 57907326 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 832476 |

**(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 249850 | പ്രശാന്ത്, വി.ഇ.ഒ., പെരുമ്പളം സൗത്ത് |
| 1-17 | 24950 | അരുൺ, വി.ഇ.ഒ., പെരുമ്പളം നോർത്ത് |
| 1-19 | 100000 | മനോജ്, വി.ഇ.ഒ., പെരുമ്പളം നോർത്ത് |
| | | അരുൺ, വി.ഇ.ഒ., പെരുമ്പളം നോർത്ത് |
| 1-20 | 400000 | ശോഭ കെ, സെക്രട്ടറി |
| 1-21 | 10000 | ശോഭ കെ, സെക്രട്ടറി |
| 1-22 | 47676 | ശോഭ കെ, സെക്രട്ടറി |
| ആകെ | 832476 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശോഭ കെ, സെക്രട്ടറി | സെക്രട്ടറി,<br>എഴുപുന്ന ഗ്രാമ പഞ്ചായത്ത് | ശ്രേയസ്, എരമല്ലൂർ.പി.ഒ. |
| പ്രശാന്ത്, വി.ഇ.ഒ.,<br>പെരുമ്പളം സൗത്ത് | വി.ഇ.ഒ.,<br>അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് | ചക്കാലവെളി,<br>ചേർത്തല സൗത്ത് പി.ഒ |
| അരുൺ, വി.ഇ.ഒ.,<br>പെരുമ്പളം നോർത്ത് | വി.ഇ.ഒ.,<br>ഉഴവൂർ ഗ്രാമ പഞ്ചായത്ത്, കോട്ടയം | ദേവീഹൗസ്,<br>കളവംകോടം പി.ഒ., ചേർത്തല |
| മനോജ്, വി.ഇ.ഒ.,<br>പെരുമ്പളം നോർത്ത് | വി.ഇ.ഒ.,<br>പാണാവള്ളി ഗ്രാമ പഞ്ചായത്ത് | കടവിലത്തറ ഹൗസ്,<br>അരൂർ പി.ഒ., ചേർത്തല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ. എഫ് .ജി.എ 5-1832/11/16-01-12 |
| 1997-98 | എൽ. എഫ്.ജി.എ 5 -1832/11/16-01-12 |
| 2001-02 | എൽ. എഫ് .ജി എ 5-1832/11/16.1.2012 |
| 2006-07, 07-08 | എൽഎഫ്എ8-40,41/2010/16.7.2010 |
| 2008-09 | എൽഎഫ്എപി2-1207/2011/10.1.2012/11.4.2012 |
| 2009-10 | എൽഎഫ്എ പി2-1208/2011/10.1.2012/11.4.2012 |
| 2010-11 | എൽഎഫ്എ പി2-550/2011/17.12.2012/31.1.2012 |
| 2011-12 | എൽഎഫ്എ പി2-1400/2012/ 14.12.2012/8.1.2013 |
| 2012-13 | എൽഎഫ്എ പി11-1841/2014/20.1.2015/3.3.2015 |
| 2013-14 | എൽ.എഫ്.എ-പി11-680/15, 15.07.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി11/837/16, 30-7-2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി-പി11/1175/16, 1-11-2016/2-12-2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി-പി11/1034/17, 05.08.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി-പി11/1295/2018/05.09.2018 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,ആലപ്പുഴ.

## അനുബന്ധം 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പെരുമ്പളം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു.

സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കില്പ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**അനുബന്ധം 2**

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ